**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1711** **04-02-2026 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ ഓരോ ജില്ലയിലും എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ തീർപ്പുകല്പിച്ചത് എത്രയെന്നും വിശദമാക്കാമോ; | (എ) | **സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള കാലയളവിലെ ജില്ലാടിസ്ഥാനത്തിലുള്ള ക്ലെയിം വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.**<br><br>**പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 2021-23 കാലയളവിലെ ജില്ലാടിസ്ഥാനത്തിലുള്ള ക്ലെയിം വിവരങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.** |
| (ബി) | ക്ലെയിമുകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **കർഷകൻ AIMS പോർട്ടലിൽ നഷ്ടപരിഹാരത്തിന് അപേക്ഷിച്ചാൽ അപേക്ഷ പരിശോധിച്ച് 30 ദിവസത്തിനകം അർഹമായ തുക ബഡ്ജറ്റ് ശീർഷകത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് ക്രമാനുസരണം അനുവദിക്കുന്നതാണ്.** |
| (സി) | പ്രകൃതിക്ഷോഭത്തിൽ നശിക്കുന്ന ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയുള്ളത്; പ്രകൃതിക്ഷോഭത്തിലല്ലാതെ നശിക്കുന്ന വിളകൾക്ക് പരിരക്ഷ ലഭിക്കുമോ; വ്യക്തമാക്കാമോ; | (സി) | **തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.**<br><br>**പ്രകൃതിക്ഷോഭത്തിലല്ലാതെ നശിക്കുന്ന വിളകൾക്ക് വന്യജീവി ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, നെൽകൃഷിയിൽ കീടബാധയോ രോഗബാധ മൂലമുള്ള 50 ശതമാനത്തിലധികമുള്ള വിളനാശത്തിനും ഈ പദ്ധതിയിൽ പരിരക്ഷ ലഭ്യമാണ്.** |
| (ഡി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്? | (ഡി) | **സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കൃഷി വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. പുനരാവിഷ്കരിച്ച** |

| | | | |
|---|---|---|---|
| | | | **കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ (AIC) ആണ് നടപ്പിലാക്കുന്നത്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| ജില്ല | ക്ലെയിം വിവരം | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|---|
| തിരുവനന്തപുരം | റിപ്പോർട്ട് ചെയ്തവ | 873 | 685 | 1206 | 1268 | 1227 |
| | തീർപ്പാക്കിയവ | 873 | 685 | 1206 | 309 | 0 |
| കൊല്ലം | റിപ്പോർട്ട് ചെയ്തവ | 487 | 630 | 630 | 703 | 420 |
| | തീർപ്പാക്കിയവ | 487 | 630 | 630 | 121 | 0 |
| പത്തനംതിട്ട | റിപ്പോർട്ട് ചെയ്തവ | 475 | 1236 | 379 | 361 | 460 |
| | തീർപ്പാക്കിയവ | 475 | 1236 | 379 | 43 | 0 |
| ആലപ്പുഴ | റിപ്പോർട്ട് ചെയ്തവ | 261 | 1951 | 1060 | 441 | 451 |
| | തീർപ്പാക്കിയവ | 261 | 1951 | 1060 | 261 | 0 |
| കോട്ടയം | റിപ്പോർട്ട് ചെയ്തവ | 132 | 1523 | 237 | 422 | 235 |
| | തീർപ്പാക്കിയവ | 132 | 1523 | 237 | 173 | 0 |
| ഇടുക്കി | റിപ്പോർട്ട് ചെയ്തവ | 205 | 205 | 178 | 249 | 199 |
| | തീർപ്പാക്കിയവ | 205 | 205 | 178 | 107 | 0 |
| എറണാകുളം | റിപ്പോർട്ട് ചെയ്തവ | 474 | 748 | 692 | 596 | 434 |
| | തീർപ്പാക്കിയവ | 474 | 748 | 692 | 137 | 0 |
| തൃശ്ശൂർ | റിപ്പോർട്ട് ചെയ്തവ | 814 | 2307 | 484 | 2213 | 873 |
| | തീർപ്പാക്കിയവ | 814 | 2307 | 484 | 1175 | 0 |
| പാലക്കാട് | റിപ്പോർട്ട് ചെയ്തവ | 214 | 1156 | 1734 | 1391 | 485 |
| | തീർപ്പാക്കിയവ | 214 | 1156 | 1734 | 160 | 0 |
| മലപ്പുറം | റിപ്പോർട്ട് ചെയ്തവ | 1919 | 2757 | 2532 | 3587 | 2482 |
| | തീർപ്പാക്കിയവ | 1919 | 2757 | 2532 | 1552 | 0 |
| കോഴിക്കോട് | റിപ്പോർട്ട് ചെയ്തവ | 1066 | 915 | 836 | 1359 | 1048 |
| | തീർപ്പാക്കിയവ | 1066 | 915 | 836 | 540 | 0 |
| വയനാട് | റിപ്പോർട്ട് ചെയ്തവ | 752 | 840 | 643 | 1071 | 652 |
| | തീർപ്പാക്കിയവ | 752 | 840 | 643 | 542 | 0 |
| കണ്ണൂർ | റിപ്പോർട്ട് ചെയ്തവ | 503 | 503 | 505 | 654 | 494 |
| | തീർപ്പാക്കിയവ | 503 | 503 | 505 | 231 | 0 |
| കാസർഗോഡ് | റിപ്പോർട്ട് ചെയ്തവ | 19 | 72 | 146 | 161 | 130 |
| | തീർപ്പാക്കിയവ | 19 | 72 | 146 | 18 | 0 |
| **ആകെ** | **റിപ്പോർട്ട് ചെയ്തവ** | **8194** | **15508** | **11262** | **14398** | **9590** |
| | **തീർപ്പാക്കിയവ** | **8194** | **15508** | **11262** | **5369** | **0** |

## അനുബന്ധം - II

| ജില്ല | മൊത്തം ക്ലെയിം തുക | മൊത്തം കർഷകരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 5900208.01 | 1352 |
| കൊല്ലം | 3589561.45 | 975 |
| പത്തനംതിട്ട | 10844257.68 | 754 |
| ആലപ്പുഴ | 427894005.5 | 25633 |
| കോട്ടയം | 22265795.51 | 1079 |
| ഇടുക്കി | 39549482.47 | 6907 |
| എറണാകുളം | 11831131.36 | 1741 |
| തൃശ്ശൂർ | 992943959.3 | 73881 |
| പാലക്കാട് | 2779571362 | 211984 |
| മലപ്പുറം | 160012432.1 | 11643 |
| കോഴിക്കോട് | 13710740.13 | 2597 |
| വയനാട് | 6531905.36 | 1596 |
| കണ്ണൂർ | 6172596.05 | 1022 |
| കാസർഗോഡ് | 41725361.42 | 5415 |
| **ആകെ** | **4522542798.34** | **346579** |